പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4301 | 17.12.2014- ൽ മറുപടിക്ക് |

## വിവിധതരം പനികൾ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് മനുഷ്യരിൽ വ്യാപകമാകുന്ന വിവിധ തരം പനികൾ വേഗത്തിൽ പരിശോധിച്ച് തിരിച്ചറിയുന്നതിനുള്ള ലാബുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; | എ) | നിലവിൽ സർക്കാർ ആശുപത്രികളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ വിവിധ തരം പനികൾ വേഗത്തിൽ തിരിച്ചറിയുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിനു പുറമേ ആലപ്പുഴ ജില്ലയിൽ 2 ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളും, എറണാകുളം, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിൽ 3 റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് ഒരു സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ലാബും ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിച്ചു വരുന്നു.<br>ഇതിനു പുറമേ അത്യാധുനിക സൗകര്യങ്ങളോടു കൂടി ഒരു പി. സി. ആർ. ലാബ് സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ലാബിൽ തുടങ്ങിയിട്ടുണ്ട്. |
| ബി) | ഈ സർക്കാർ വന്നതിനു ശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും ലാബുകൾ ആരംഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. ആധുനിക ടെസ്റ്റുകൾ കൃത്യമായും അതിസൂക്ഷ്മമായും ചെയ്യുവാൻ സൗകര്യമുള്ള പി. സി. ആർ. ലാബ് 2014 ഫെബ്രുവരി മാസം തിരുവനന്തപുരത്തെ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ലാബിനോടനുബന്ധിച്ച് തുടങ്ങിയിട്ടുണ്ട്. |
| സി) | വൈറോളജി ലാബുകളുടെ അഭാവം മൂലം പരിശോധനാഫലം വൈകുകയും രോഗികളെ രക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നുണ്ടോ; വിശദീകരിക്കാമോ; | സി) | ആലപ്പുഴയിലുള്ള വൈറോളജി ലാബ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നീ ലാബുകളാണ് പുതിയതരം പനികളുടെ വൈറോളജി പരിശോധന നടത്തി വരുന്നത്. എന്നാൽ ഈ സെന്ററുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പ്രത്യേക പനികളുടെ വൈറോളജി പരിശോധന പൂണെയിലെ NIV ലാബിലും മംഗലപുരത്തെ കസ്തൂർബാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലുള്ള NCDC-യിലുമാണ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ എത്ര രോഗികളുടെ പരിശോധനാ ഫലം വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ഡി) & ഇ) | ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആരോഗ്യ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. |
| ഇ) | ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**